**15 -ാം കേരള നിയമസഭ**

**1 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 53** | **08-06-2021 - ൽ മറുപടിയ്ക്ക്**

**സാമ്പത്തിക പ്രതിസന്ധി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ . ഐ .സി .ബാലകൃഷ്ണൻ ,<br>ശ്രീ. എ . പി . അനിൽ കമാർ ,<br>ശ്രീ. അൻവർ സാദത്ത് ,<br>ഡോ. മാത്യൂ കുഴൽനാടൻ** | | **Shri K N Balagopal<br>(ധനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനം ഗുരുതരമായ സാമ്പത്തിക പ്രതിസന്ധി അഭിമുഖീകരിക്കുന്നു എന്നത് വസ്തുതയല്ലേ; അതിനുള്ള കാരണങ്ങൾ വിശദമാക്കാമോ; | (എ) | കേന്ദ്ര സർക്കാർ അനുവർത്തിച്ച വികലമായ നയങ്ങളും വേണ്ടത്ര അവധാനതയില്ലാതെ ചരക്ക് സേവന നികുതി നടപ്പിലാക്കിയതും ചരക്ക് സേവന നികുതി വരുമാന നഷ്ടത്തിനുള്ള നഷ്ടപരിഹാരം കൃത്യ സമയത്ത് നൽകാത്തതും മുൻകാലങ്ങളിൽ നിന്നും വിഭിന്നമായ പുതിയ കാരണങ്ങൾ ചൂണ്ടിക്കാട്ടി സംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധി വെട്ടിക്കുറച്ചതും മുൻവർഷങ്ങളിൽ സാമ്പത്തിക പ്രതിസന്ധി സൃഷ്ടിച്ചിരുന്നു. കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ ഏർപ്പെടുത്തിയ ലോക്ക്ഡൗണും തുടർന്നുള്ള നിയന്ത്രണങ്ങളും മേൽ പരാമർശിത നയങ്ങളുടെ തുടർച്ചയും നടപ്പ് സാമ്പത്തിക വർഷവും സംസ്ഥാനത്തിന്റെ റവന്യൂ വരുമാനത്തെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. ആയത് ധന ദൃഢീകരണ പ്രവർത്തനങ്ങളെ ദുർബലപ്പെടുത്തുവാൻ സാദ്ധ്യതയുണ്ട്. |
| (ബി) | സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുത്തുന്നതിന് സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | (ബി) | കേന്ദ്ര സർക്കാർ കൈക്കൊണ്ട വികലമായ നയങ്ങളുടെയും സംസ്ഥാന സർക്കാരിനോട് പുലർത്തുന്ന വിവേചനപരമായ സമീപനത്തിന്റെയും കൂടി ഫലമായി സംസ്ഥാനത്ത് ഉടലെടുത്ത സാമ്പത്തിക പ്രതിസന്ധി നികുതി പിരിവ് ഊർജ്ജിതപ്പെടുത്തിയും ആനാവശ്യ ചെലവുകളും ധൂർത്തും ഒഴിവാക്കിയും നിലവിലുള്ള വ്യയ നിയന്ത്രണ ഉത്തരവുകൾ കർശനമാക്കിയും സാമ്പത്തിക അച്ചടക്കത്തിന്റെ അടിസ്ഥാന തത്ത്വങ്ങളിൽ ഊന്നിനിന്നുകൊണ്ടും തരണം ചെയ്യുവാനാണ് മുൻസർക്കാർ ശ്രമിച്ചത്. നികുതി പിരിവ് കാര്യക്ഷമമാക്കുന്നതിനായി ചുവടെ ചേർക്കുന്ന നടപടികൾ സ്വീകരിച്ചിരുന്നു. 1. വിവിധ നികുതി കുടിശ്ശികകൾ പിരിച്ചെടുക്കുന്നതിന് ആകർഷകമായ ആംനസ്റ്റി സ്കീമുകൾ ബജറ്റുകളിലൂടെ നടപ്പിലാക്കി. 2. |

| | | | |
|---|---|---|---|
| | | | റവന്യൂ റിക്കവറി നടപടികൾ ഊർജ്ജിതപ്പെടുത്തി. 3. നികുതി ചോർച്ച തടയുന്നതിന്റെ ഭാഗമായി റിട്ടേൺ സ്ക്രൂട്ടിനിയും പരിശോധനകളും ശക്തമാക്കി. 4. ഭൂമി രജിസ്ട്രേഷനുമായി ബന്ധപ്പെട്ട് അണ്ടർ വാല്യുവേഷൻ കേസുകൾ തീർപ്പാക്കുന്നതിന് ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി നടപ്പിലാക്കി. 5. വിവര സാങ്കേതിക വിദ്യയുടെ സാധ്യതകൾ ഉപയോഗപ്പെടുത്തി നികുതി പിരിവ് കാര്യക്ഷമമാക്കുന്നതിന് ബന്ധപ്പെട്ട വകുപ്പുകളെ നവീകരിച്ചു. 6. ചരക്ക് സേവന നികുതി ചോർച്ചയ്ക്ക് കാരണമായ പഴുതുകൾ പരമാവധി അടയ്ക്കുന്നതിന് നടപടികൾ സ്വീകരിച്ചു. പ്രതിസന്ധി ഘട്ടങ്ങളിലും വികസന ക്ഷേമ പ്രവർത്തനങ്ങൾ തടസ്സം കൂടാതെ മുന്നോട്ട് കൊണ്ടു പോകുവാൻ സാധിച്ചത് നികുതി പിരിവ് കാര്യക്ഷമമാക്കുന്നതിന് സ്വീകരിച്ച പ്രവർത്തനങ്ങളുടെ വിജയം കൂടിയാണ്. |
| (സി) | സംസ്ഥാനത്തിന്റെ നികുതിവരുമാനം വർദ്ധിപ്പിക്കാൻ എന്തെല്ലാം നടപടികളാണ് സർക്കാർ സ്വീകരിച്ചത് എന്ന് വ്യക്തമാക്കാമോ; ഇത് കാര്യക്ഷമമാണോ എന്ന് പരിശോധിച്ചിട്ടുണ്ടോ; | (സി) | കേന്ദ്ര സർക്കാർ കൈക്കൊണ്ട വികലമായ നയങ്ങളുടെയും സംസ്ഥാന സർക്കാരിനോട് പുലർത്തുന്ന വിവേചനപരമായ സമീപനത്തിന്റെയും കൂടി ഫലമായി സംസ്ഥാനത്ത് ഉടലെടുത്ത സാമ്പത്തിക പ്രതിസന്ധി നികുതി പിരിവ് ഊർജ്ജിതപ്പെടുത്തിയും ആനാവശ്യ ചെലവുകളും ധൂർത്തും ഒഴിവാക്കിയും നിലവിലുള്ള വ്യയ നിയന്ത്രണ ഉത്തരവുകൾ കർശനമാക്കിയും സാമ്പത്തിക അച്ചടക്കത്തിന്റെ അടിസ്ഥാന തത്ത്വങ്ങളിൽ ഊന്നിനിന്നുകൊണ്ടും തരണം ചെയ്യുവാനാണ് മുൻസർക്കാർ ശ്രമിച്ചത്. നികുതി പിരിവ് കാര്യക്ഷമമാക്കുന്നതിനായി ചുവടെ ചേർക്കുന്ന നടപടികൾ സ്വീകരിച്ചിരുന്നു. 1. വിവിധ നികുതി കുടിശ്ശികകൾ പിരിച്ചെടുക്കുന്നതിന് ആകർഷകമായ ആംനസ്റ്റി സ്കീമുകൾ ബജറ്റുകളിലൂടെ നടപ്പിലാക്കി. 2. റവന്യൂ റിക്കവറി നടപടികൾ ഊർജ്ജിതപ്പെടുത്തി. 3. നികുതി ചോർച്ച തടയുന്നതിന്റെ ഭാഗമായി റിട്ടേൺ സ്ക്രൂട്ടിനിയും പരിശോധനകളും ശക്തമാക്കി. 4. ഭൂമി രജിസ്ട്രേഷനുമായി ബന്ധപ്പെട്ട് അണ്ടർ വാല്യുവേഷൻ കേസുകൾ തീർപ്പാക്കുന്നതിന് ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി നടപ്പിലാക്കി. 5. വിവര സാങ്കേതിക വിദ്യയുടെ സാധ്യതകൾ ഉപയോഗപ്പെടുത്തി നികുതി പിരിവ് കാര്യക്ഷമമാക്കുന്നതിന് ബന്ധപ്പെട്ട വകുപ്പുകളെ നവീകരിച്ചു. 6. ചരക്ക് സേവന നികുതി ചോർച്ചയ്ക്ക് കാരണമായ പഴുതുകൾ പരമാവധി അടയ്ക്കുന്നതിന് നടപടികൾ സ്വീകരിച്ചു. പ്രതിസന്ധി ഘട്ടങ്ങളിലും വികസന ക്ഷേമ പ്രവർത്തനങ്ങൾ തടസ്സം കൂടാതെ മുന്നോട്ട് കൊണ്ടു പോകുവാൻ സാധിച്ചത് നികുതി |

| | | | |
|---|---|---|---|
| | | | പിരിവ് കാര്യക്ഷമമാക്കുന്നതിന് സ്വീകരിച്ച പ്രവർത്തനങ്ങളുടെ വിജയം കൂടിയാണ്. |
| (ഡി) | കോവിഡ് പശ്ചാത്തലത്തിൽ കേന്ദ്രം വായ്പാപരിധി അഞ്ച് ശതമാനമായി ഉയർത്തിയത് നിലവിലെ സാമ്പത്തിക പ്രതിസന്ധി പരിഹരിക്കുന്നതിന് സഹായകമാകും എന്ന് കരുതുന്നുണ്ടോ; വിശദാംശങ്ങൾ നൽകാമോ? | (ഡി) | 2020-21 സാമ്പത്തിക വർഷത്തെ സംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധിയായി 27,130 കോടി രൂപയാണ് (ജിഎസ്ഡിപി യുടെ 3%) കേന്ദ്രസർക്കാർ നിശ്ചയിച്ച് നൽകിയിരുന്നത്. എന്നാൽ, കോവിഡ്-19 മഹാമാരി സംസ്ഥാനങ്ങളുടെ സമ്പദ് വ്യവസ്ഥയ്ക്കും വരുമാന സ്രോതസ്സിനും സൃഷ്ടിച്ച പ്രതികൂലാവസ്ഥ തരണം ചെയ്യുന്നതിന് കേരളം ഉൾപെടയുള്ള സംസ്ഥാനങ്ങൾ ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ 2020-21 സാമ്പത്തിക വർഷത്തിൽ കേന്ദ്ര സർക്കാർ വാർഷിക വായ്പാ പരിധി ജിഎസ്ഡിപിയുടെ 3 ശതമാനത്തിൽ നിന്ന് 5 ശതമാനമായി വർദ്ധിപ്പിച്ച് നൽകിയിരുന്നു. ഇത് പ്രകാരം സംസ്ഥാനത്തിന് 2 ശതമാനം അധിക വായ്പയായി ഏകദ്ദേശം 18,087 കോടി രൂപ അനുവദിച്ചു നൽകിയിട്ടുണ്ട്. ഈ അധിക വായ്പയിൽ 1% ഉപാധികളില്ലാതെയും 1% (0.25% വീതം) താഴെ പറയുന്ന സംസ്ഥാനതല പരിഷ്കാരങ്ങൾ നടപ്പിലാക്കണമെന്ന വ്യവസ്ഥയോടെയാണ് നൽകിയിരുന്നത്. 1. ‘ഒരു രാജ്യം ഒരു റേഷൻ കാർഡ് സംവിധാനം’ നടപ്പിലാക്കൽ 2. ബിസിനസ് സുഗമമാക്കുന്നതിന് ജില്ലാ തലത്തിലും ലൈസൻസിംഗ് സംവിധാനത്തിലും പരിഷ്കാരങ്ങൾ നടപ്പിലാക്കുക 3. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ ശക്തിപ്പെടുത്തുന്നതിനുള്ള പരിഷ്കാരങ്ങൾ 4. ഊർജ്ജ മേഖലയിലെ പരിഷ്കാരങ്ങൾ പ്രസ്തുത പരിഷ്കാരങ്ങൾ ജനങ്ങളെ പ്രതികൂലമായി ബാധിക്കാത്ത തരത്തിൽ നടപ്പിലാക്കിക്കൊണ്ട് അധിക വായ്പ പൂർണമായും നേടിയെടുക്കാൻ സംസ്ഥാനത്തിന് കഴിഞ്ഞിട്ടുണ്ട്. കഴിഞ്ഞ സാമ്പത്തിക വർഷം അധിക വായ്പ എടുത്തുകൊണ്ട് ആരോഗ്യരംഗത്ത് ഉൾപ്പെടെ, ഉയർന്ന പദ്ധതി ചെലവും സാമൂഹ്യമേഖലാ ചെലവും കൈവരിക്കുവാൻ സംസ്ഥാനത്തിന് കഴിഞ്ഞിട്ടുണ്ട്. സംസ്ഥാന സമ്പദ് വ്യവസ്ഥയ്ക്കും സംസ്ഥാനത്തിന്റെ വരുമാന സ്രോതസ്സിനും കോവിഡ് മഹാമാരി സൃഷ്ടിച്ച ആഘാതം അധിക വായ്പയിലൂടെയും മറ്റു ചെലവ് ചുരുക്കൽ നടപടികളിലൂടെയും ഒരു പരിധി വരെ ലഘൂകരിക്കുവാൻ സംസ്ഥാനത്തിന് കഴിഞ്ഞിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ